


# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
Syro-Malabar Sunday Mass
SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

നോമ്പ് മൂന്നാം ഞായർ

2024
ഫെബ്രുവരി 25




# ഞാൻ

**നിയ 15:7–15; തോബി 12:6–15; 2 കോറി 8:9–15; മത്താ 6:1–8, 16–18**

ഈ അടുത്തകാലത്താണ് ഇന്ത്യ ജി20 ഉച്ചകോടിക്കു ആതിഥേയത്വം വഹിച്ചത്. അതിന്റെ ഭാഗമായി ഡൽഹി മുഴുവൻ ഇന്ത്യ ഗവണ്മെന്റ് വർണ്ണാഭമായ പോസ്റ്ററുകൾ പ്രദർശിപ്പിച്ചു. എയർപോർട്ടിൽനിന്നും വിവിധ രാജ്യങ്ങളുടെ പ്രതിനിധികൾ താമസിക്കുന്ന ഹോട്ടലുകൾവരെയുള്ള കിലോമീറ്ററുകൾ നീളുന്ന റോഡുകളിൽ ആയിരുന്നു ഇവ. ഭൂരി ഭാഗം പോസ്റ്ററുകൾക്കും ഒരു പ്രത്യേകതയുണ്ടായിരുന്നു. അവയിൽ എല്ലാം പ്രധാനമന്ത്രി മോദിയുടെ വലിയ ചിത്രം ആലേഖനം ചെയ്തിരുന്നു, പല വിദേശപ്രതിനിധികളും ഇത് കണ്ടു അത്ഭുതപ്പെടുകയും ചെയ്തു. അവരെ അതിശയിപ്പിച്ചത്. അതിൽ ഒന്നും ഉച്ചകോടിയിൽ പങ്കെടുക്കുന്ന മറ്റു രാജ്യങ്ങളിൽനിന്നുള്ള നേതാക്കളുടെ ഫോട്ടോ ഇല്ല എന്നത് മാത്രമല്ല, മറിച്ചു ഒരു ജനാധിപത്യ രാജ്യത്തു എങ്ങനെ ഒരാൾക്ക് തന്നെ തന്നെ ഇങ്ങനെ പ്രൊമോട്ട് ചെയ്യാൻ സാധിക്കുന്നു എന്നതാണ്. ഇത് പ്രമോഷനുകളുടെയും, പരസ്യങ്ങളുടെയും കാലമാണ്. എങ്ങനെയും ഫേമസ് ആവുക എന്നത് ജീവിതത്തിന്റെ പ്രധാന അജണ്ട ആകുന്ന ഒരു കാലം. ഇന്ത്യൻ പൗരന്മാർക്ക് ഒരുപക്ഷെ ഇതിന്റെ ഏറ്റവും വലിയ മാതൃക അവരുടെ പ്രധാനമന്ത്രിതന്നെ ആയിരിക്കും. മെഗലോമാനിക് (megalomaniac) എന്നൊരു വാക്കുണ്ട്. അധികാരത്തോടും, പ്രശസ്തിയോടും ഭ്രാന്തമായ ഒരു അഭിനിവേശമുള്ളവരെ അങ്ങനെ വിളിക്കാറുണ്ട്. ലക്ഷക്കണക്കിന് കോവിഡ് സർട്ടിഫിക്കറ്റുകൾ മുതൽ, സാധിക്കുന്ന എല്ലായിടത്തും തന്റെ ഫോട്ടോ വച്ച് പ്രൊമോട്ട് ചെയ്യാൻ വലിയ ഉത്സാഹം കാണിക്കുന്ന പ്രധാനമന്ത്രി മോദിയെ ഒരു മെഗലോമാനിയാക് എന്ന് വിളിക്കുന്നവർ ഏറെയുണ്ട്. ഇക്കാര്യത്തിൽ മോഡി ഒറ്റക്കല്ലതാനും. നമ്മുടെ രാജ്യത്തെ അനേകം രാഷ്ട്രീയ, മത നേതാക്കളെ ഇക്കൂട്ടത്തിൽ പെടുത്താൻ ബുദ്ധിമുട്ടുണ്ടാവില്ല.

മനുഷ്യൻ തങ്ങളെ തന്നെ എത്ര മാത്രം ഇഷ്ടപ്പെടുന്നു അല്ലെങ്കിൽ മറ്റുള്ളവരുടെ കൈയ്യടികളും പ്രോത്സാഹനങ്ങളും അവർ എത്രമാത്രം കൊതിക്കുന്നു എന്ന് നാം ഇതുപോലെ മനസ്സിലാക്കിയ ഒരു കാലഘട്ടം വേറെ ഉണ്ടെന്നു തോന്നുന്നില്ല. ഈ ഒരു ഒബ്സെഷൻ എല്ലാകാലത്തും ഉണ്ടായിരുന്നു എങ്കിലും ഇന്ന് അതിന്റെ പാരമ്യത്തിൽ ആണ് നമ്മൾ എത്തി നിൽക്കുന്നത്. ഇന്റർനെറ്റ്, സ്മാർട്ഫോൺ ഉൾപ്പടെയുള്ള ആധുനിക സാങ്കേതിക വിദ്യകൾ, സോഷ്യൽ മീഡിയ ഇവയൊക്കെ ഇക്കാര്യത്തിൽ അനന്തമായ സാദ്ധ്യതകൾ ആണ് മനുഷ്യന് മുന്നിൽ തുറന്നു കൊടുത്തത്. നമ്മുടെ തന്നെ ഫോട്ടോ എടുത്തു, കണ്ടു ആസ്വദിക്കാനും




**ബോബി ജോർജ്ജ്**

എല്ലാവർക്കും പങ്കുവയ്ക്കാനും ഉള്ള അവസരം. നമ്മുടെ ഓരോ ദിവസത്തെയും നേട്ട ങ്ങളും, കഥകളും, സംഭവങ്ങളും ലോകത്തെ അപ്പോൾ തന്നെ അറിയി ക്കാൻ ഉള്ള സാദ്ധ്യതകൾ. പലപ്പോഴും ആധുനിക മനുഷ്യന്റെ ഓരോ ദിവസത്തെയും ഏറ്റവും വലിയ ഒരു ഉത്ക്കണ്ഠ, തന്റെ ഫോട്ടോയും വിശേഷങ്ങളും എത്രപേർ കണ്ടു, ഇഷ്ടപ്പെട്ടു എന്നതായിരിക്കും. അതിൽ കുറവ് വരുമ്പോൾ അവൻ മാനസിക പിരിമുറുക്കം നേരിടുന്നു. അസ്വ സ്ഥനാകുന്നു. അത് അഭിമാനപ്രശ്നമായി മാറുന്നു. ഇങ്ങനെ 'ഞാൻ' നിറഞ്ഞുനിൽക്കുന്ന ഒരു കാലഘട്ടത്തിൽ ആണ്, നമ്മൾ യേശുവിൽ നിന്നും ചില 'ഞാൻ വിരുദ്ധ' ചിന്തകൾ കേൾക്കുന്നത്. 2000 വർഷം കഴി ഞ്ഞിട്ടും ഒട്ടും ഒളിമങ്ങാതെ, മനുഷ്യന്റെ ബലഹീനതകളെയും ചാപല്യങ്ങളെയും നിശിതമായി ചോദ്യം ചെയ്യുന്ന മൂർച്ചയേറിയ കുറച്ചു വാക്കുകൾ.

## നന്മയുടെ പരസ്യങ്ങൾ

ആധുനിക മനുഷ്യനെ സംബന്ധിച്ചിടത്തോളം അസ്വസ്ഥതയുണ്ടാ ക്കുന്ന ഒരു വചനഭാഗമാണ് ഇന്ന് യേശു നമ്മോടു പറയുന്നത്. എല്ലാം മറ്റുള്ളവരെ കാണിക്കാൻവേണ്ടി ചെയ്യുന്ന ഒരു സമൂഹത്തോട്, യേശു പറയുന്നത് ഒന്നും മറ്റുള്ളവരെ കാണിക്കാൻ വേണ്ടി ചെയ്യരുത് എന്നാണ്. ഓരോരുത്തരും ചെയ്തതിന്റെ പരസ്യങ്ങൾ നിറഞ്ഞു നിൽക്കുന്ന ലോക ത്തോട് യേശു പറയുന്നത്, നീ ചെയ്യുന്ന നല്ല കാര്യങ്ങൾ പരസ്യപ്പെടുത്താൻ വേണ്ടി ആകരുത് എന്നാണ്. കാഹളം മുഴക്കാതെ, രഹസ്യമായി നന്മ ചെയ്യാൻ യേശു നമ്മോടു ആവശ്യപ്പെടുന്നു. എന്താണ് യേശു ആഗ്രഹിക്കുന്ന രഹസ്യാത്മകത? നിന്റെ വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയാതെ ഇരിക്കട്ടെ എന്നാണ് യേശു പറഞ്ഞത്. നൂറു രൂപയ്ക്കു ഒരു കാര്യം ചെയ്താൽ അത് അഞ്ഞൂറ് രൂപയ്ക്കു പൊലിപ്പിക്കുന്ന മനുഷ്യരുടെ കാലമാണ് ഇത്. മലയാളത്തിൽ നിറഞ്ഞോടിയ പ്രാഞ്ചിയേട്ടൻ സിനിമ ഓർക്കുക. അതിൽ വ്യക്തമായി പറഞ്ഞു വച്ചതു, നമ്മുടെ ജീവിത യാഥാർഥ്യങ്ങളാണ്. നമ്മുടെ പൊങ്ങച്ചങ്ങളിലേക്കും അല്പത്തരങ്ങളിലേക്കുമാണ് ആ സിനിമ നമ്മുടെ ശ്രദ്ധക്ഷണിച്ചത്. അതോടൊപ്പം നിശബ്ദമായി അർത്ഥവത്തായ നന്മ ചെയ്യേണ്ടത് എങ്ങനെയെന്ന് പഠിപ്പി ക്കുകയും ചെയ്തു. ഇവിടെ നമ്മൾ ആത്മശോധന ചെയ്യേണ്ട കുറെ കാര്യങ്ങളുണ്ട്. എന്താണ് നന്മക്കുള്ള പ്രചോദനം? അത് വേറൊരു മനുഷ്യനോടുള്ള അനുകമ്പയാണോ, അതോ നമ്മുടെ തന്നെ പ്രശസ്തിയാണോ? നമ്മുടെ സ്വാർത്ഥതയുടെ ഒരു എക്സ്റ്റൻഷൻ ആണോ നമ്മുടെ ഉപവി പ്രവർത്തികൾ? നന്മപ്രവർത്തികളിലൂടെ, നമ്മുടെതന്നെ പേരും പ്രശസ്തിയും വർധിപ്പിക്കാൻ നടത്തുന്ന ഭ്രാന്തമായ ശ്രമങ്ങളെ യേശു ശക്തമായി അപലപിക്കുന്നു. നമ്മുടെ കാരുണ്യ പ്രവർത്തികളിൽ എത്രമാത്രം സ്വകാര്യതയുണ്ട്? ഇതോടു ചേർത്ത് വായിക്കേണ്ട മറ്റൊന്ന് കൂടിയുണ്ട്. അത് നമ്മുടെ സഹായം സ്വീകരിക്കുന്ന ആളുടെ സ്വകാര്യതയെ മാനിക്കാൻ നാം ബാധ്യസ്ഥരാണ് എന്നുള്ളതാണ്. സഹായം സ്വീകരിക്കുന്ന ആളുടെ ആത്മാഭിമാനത്തിനു ക്ഷതം ഉണ്ടാക്കുന്ന രീതിയിൽ ആകരുത് നമ്മുടെ പ്രവർത്തികൾ. അവരുടെ നിസ്സഹായാവസ്ഥയെ ചൂഷണം ചെയ്യാൻ നമുക്ക് അവകാശമില്ല.

## നമ്മുടെ പ്രാർത്ഥനകൾ

തുടർന്ന് നമ്മൾ വായിക്കുന്നത് പ്രാർത്ഥനയെക്കുറിച്ചുള്ള ചില വിലയേറിയ പാഠങ്ങളാണ്. ഒരു പക്ഷെ പ്രാർത്ഥന പോലെ മനുഷ്യന് പ്രകടനമായി മാറിയ വേറൊന്നില്ല തന്നെ. ക്രിസ്തുവിനെ സംബന്ധിച്ചിട ത്തോളം പ്രാർത്ഥന പിതാവുമായുള്ള സംഭാഷണമാണ്. നമുക്കും അങ്ങനെ തന്നെ ആവണം എന്ന് യേശു ആഗ്രഹിക്കുന്നു. പ്രാർത്ഥനയിൽ യേശു ഏറ്റവും ഊന്നൽ കൊടുക്കുന്നത് അതിന്റെ സ്വകാര്യതക്കാണ്. രഹസ്യമായ പ്രാർത്ഥനയാണ് ഏറ്റവും ഉദാത്തമായത് എന്ന് ഈശോ പറഞ്ഞുവയ്ക്കുന്നു. സ്വന്തം പിതാവിനോട് എല്ലാം ഏറ്റുപറയുന്ന, സങ്കടങ്ങൾ പറയുന്ന, സ്വന്തം മനസ്സ് തുറക്കുന്ന ആത്മാർത്ഥമായ സംഭാഷണം. പ്രാർത്ഥനയാകട്ടെ, ഉപവാസമാകട്ടെ അത് ആരെയും കാണിക്കാൻ ഉള്ളതല്ല. നമ്മുടെ പ്രാർത്ഥനകൾ വല്ലാണ്ട് ബഹള പ്രകടനങ്ങൾ ആയിക്കഴിഞ്ഞു. നമ്മുടെ പ്രാർത്ഥനകളുടെ അളവുകോൽ അത് എത്ര ഉച്ചത്തിൽ ആണെന്നതോ, എത്ര ആളുകളുടെ മുന്നിൽ ആണെന്നതോ ആകരുത്.

## ഞാൻ ഇല്ലാതാകുന്ന നിമിഷം

നമ്മുടെ നന്മപ്രവർത്തികൾ ആവട്ടെ, പ്രാർത്ഥനയാവട്ടെ അതിൽ എല്ലാം ഞാൻ എന്നതിനെ മാറ്റി നിർത്തുക എന്നതാണ് ഇന്നത്തെ വചനത്തിന്റെ സാരാംശം. മനുഷ്യനെ സംബന്ധിച്ചിടത്തോളം, പട്ടിണി കിടക്കു ന്നതിലും ബുദ്ധിമുട്ടേറിയ കാര്യമാണിത്. ഈ പ്രപഞ്ചത്തിലെ ഏറ്റവും വലിയ സംഭവം താനാണ് എന്ന മനുഷ്യന്റെ ധാരണകളിൽ ആണ് ആദ്യം പൊളിച്ചെഴുത്തു വേണ്ടത്. താനാണ് എല്ലാറ്റിന്റെയും കേന്ദ്രം എന്നും, ഈ പ്രപഞ്ചം തന്നെ ഉണ്ടായതു തനിക്കുവേണ്ടി മാത്രമാണെന്നും മനുഷ്യൻ വിചാരിക്കുന്നു. കോസ്മിക് കലണ്ടർ എന്നൊരു കോൺസെപ്റ്റ് ഉണ്ട്. ഈ പ്രപഞ്ചത്തിന്റെ ആയുസ്സു മുഴുവൻ ഒരു വർഷം ഉള്ള ഒരു കലണ്ടർ ആയി സങ്കൽപ്പിക്കുക. പ്രപഞ്ചത്തിന്റെ തുടക്കം ആയ മഹാവിസ്ഫോടനം ഉണ്ടായത് ഒരു ജനുവരി ഒന്നിന് ആണെങ്കിൽ മനുഷ്യൻ ഉണ്ടായതു ആ വർഷം ഡിസംബർ 31നു അർധരാത്രിക്ക് ഏതാനും മിനിട്ടുകൾക്ക് മുമ്പ് മാത്രമാണ്. അത്രേയുള്ളൂ മനുഷ്യന്റെ ചരിത്രം. ആ മനുഷ്യനാണ് താനാണ് പ്രപഞ്ചത്തിന്റെ കേന്ദ്രം എന്ന് അഹങ്കരിക്കുന്നത്.

ലോകം മുഴുവൻ ഞാൻ എന്ന ആശയത്തിന്റെ പിറകെ നടക്കു മ്പോൾ, ഓരോ മനുഷ്യനും ആത്മരതിയുടെ ഉത്സവങ്ങൾക്ക് അരങ്ങുകൾ ആകുമ്പോൾ, ക്രിസ്തുവിന്റെ പ്രബോധനങ്ങൾ വിപ്ലവകരമാണ്. നമ്മുടെ പ്രാർത്ഥനകൾ പ്രകടനങ്ങൾ ആകാതെ ഇരിക്കട്ടെ. അത് തിക ച്ചും സ്വകാര്യമായ സംഭാഷണങ്ങൾ ആവട്ടെ. നിശബ്ദരായി തങ്ങളുടെ കടമ നിർവ്വഹിച്ചു കടന്നു പോകുന്ന ആയിരക്കണക്കിന് സാധാരണ മനുഷ്യരോടും, സസ്യജന്തു ജാലങ്ങളോടും ചേർന്ന് നിന്ന് കൊണ്ട്, ഞാൻ എന്ന അഹങ്കാരത്തെ ഇല്ലാതാക്കൻ നമുക്ക് സാധിക്കട്ടെ. ഇന്ന് നമ്മൾ വായിച്ചു കേട്ട വിശുദ്ധ പൗലോസിന്റെ ലേഖനത്തിൽ പറയുന്ന പോലെ, സമ്പന്നൻ ആയിരുന്നിട്ടും, നമ്മെപ്രതി ദരിദ്രൻ ആയ, ശൂന്യൻ ആയ ക്രിസ്തുവാണ് നമ്മുടെ മാതൃക.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com